**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3558** **17.10.2011 -ൽ മറുപടിക്ക്**

## ശുചിത്വബോധവൽക്കരണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ:<br>,, സണ്ണി ജോസഫ്:<br>,, വർക്കല കഹാർ:<br>,, കെ. അച്ചുതൻ: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | 'പകർച്ചവ്യാധി രഹിത കേരളം' പദ്ധതിയുടെ ഭാഗമായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ഏറ്റെടുത്തിരിക്കുന്നത്; | (എ) | 'പകർച്ചവ്യാധി രഹിത കേരളം' എന്ന പ്രത്യേക പദ്ധതി ആരോഗ്യ വകുപ്പിന്റെ കീഴിൽ ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. |
| (ബി) | വ്യക്തി പരിസര ശുചിത്വ കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | വ്യക്തി പരിസര ശുചിത്വ കാര്യങ്ങളിൽ ബോധവത്ക്കരണം നടത്തി വരികയാണ്.<br>1) പരിസര ശുചീകരണം ഊർജ്ജിതപ്പെടുത്തി.<br>2) ആരോഗ്യ ബോധവത്ക്കരണ ക്ളാസ്സുകൾ വഴി പരിസര ശുചിത്വ കാര്യങ്ങൾ ഊർജ്ജിത പ്പെടുത്തി.<br>3) കൊതുകു കൂത്താടി ഉറവിട നശീകരണം , ഓടവൃത്തിയാക്കൽ എന്നിവ ഊർജ്ജിതപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | 4) തുടരെ തുടരെയുള്ള പത്ര ക്കുറിപ്പുകൾ, ബിറ്റ് നോട്ടീസ് വിതരണം, പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള ആരോഗ്യ ബോധവത്ക്കരണ പരസ്യ ബോർഡുകൾ , ടെലിവിഷൻ, എഫ്.എം.റേഡിയോ വഴിയുള്ള ആരോഗ്യ ബോധവത്കരണ പരസ്യ ബോർഡുകൾ, ടെലിവിഷൻ, എഫ്.എം.റേഡിയോ വഴിയുള്ള ആരോഗ്യ ബോധവത്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി.<br>5) കൂടാതെ ഒക്ടോബർ 02 മുതൽ നവംബർ 03 വരെ സംസ്ഥാന വകുപ്പിന്റെ നേതൃത്വത്തിൽ കാസർ ഗോഡ് ജില്ല മുതൽ തിരുവനന്തപുരം വരെ പകർച്ച വ്യാധികളെക്കുറിച്ചുള്ള ബോധവത്ക്കരണം ശക്തിപ്പെടു ത്തുന്നതിനുള്ള ആരോഗ്യ സന്ദേശ യാത്ര നടത്തിവരുന്നു. |
| (സി) | അതിന് അനുയോജ്യമായി സ്വഭാവ രൂപീകരണത്തിനുള്ള ആശയവിനിമയ പദ്ധതി നടപ്പാക്കുമോ? | (സി) | സ്വഭാവ പരിവർത്തന ഉദ്ബോധന ത്തിനുള്ള (ബി.സി.സി.) പദ്ധതികൾ മാസ്സ് മീഡിയ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ